തരിശായി കിടപ്പുള്ള ഭൂമികൾ.

58. [11] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൽ ആകെ എത്ര ഏക്കർ ഭൂമി റവന്യൂ പുറമ്പോക്കിൽ തരിശായി കിടപ്പുണ്ട് ; അതിൽ തലപ്പിള്ളി താലൂക്കിൽ എത്ര ;

(ബി) തലപ്പിള്ളി താലൂക്കിലേതു് എതെല്ലാം വില്ലേജുകളിൽ എത്രവീതമെന്നു് വെവ്വേറെ കാണിക്കുമോ ?

ഉത്തരം.

(എ) 429304 ഏക്കർ 13.8 സെൻറ്. തലപ്പിള്ളിതാലൂക്കിൽ 843 ഏക്കർ, 28 11/20 സെൻറ്.

(ബി) വിശദവിവരങ്ങളടങ്ങിയ ലിസ്റ്റ് * അനുബന്ധമായി ചേർത്തിരിക്കുന്നു.

സൂവേജ് ട്രീറ്റിംഗ് പ്ലാൻറ്.

59. [12] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിലേയ്ക്കു് ഒരു സ്വീവേജ് ട്രീറ്റിംഗ് പ്ലാൻറ് ഉണ്ടാക്കുവാൻ ഗവണ്മെൻറ് നടപടികൾ എടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അതിനുള്ള നടപടികൾ എത്രവരെയായി;

(സി) പണി എന്നത്തേയ്ക്കു് പൂർത്തിയാക്കാമെന്നാണു് ഉദ്ദേശിക്കുന്നതു് ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ വിളിച്ചിരിക്കുകയാണു്.

(സി) സ്ഥലം പൊന്നുംവിലയ്ക്കു് ഏറ്റെടുത്തതിനുശേഷം രണ്ടു വർഷത്തിനകം പൂർത്തിയാക്കുമെന്നു് ഉദ്ദേശിക്കുന്നു.

Anglo-Indians in Excise and Prohibition Departments.

60. [14] Shri A. A. D. Luiz: Will the Minister for Excise and Prohibition be pleased to state:

(a) The exact number of Anglo-Indians now employed in the Excise and Prohibition Departments;

(b) The names, qualifications, grade and salary of the members entertained since the integration of the States?

* Please see Appendix VII.

LIBRARY ARCHIVES Kerala Legislative Assembly